47. The Imposition of a fine or the forfeiture of the deposit or the cancellation of the license under these provisions shall nol relieve lhe Society or its egents from liability lo be prosecuted for any specific offence committed egeinsl the Abkari Act or for any infriugement of these provisions.

48. If any person or persons who signed in lbe agreement on behalf of lhe Society shall be convicted of any offence under any lew for the time being in force relating lo separate Revenue or subsequent to the Society taking out its license should it transpire that before the granl of such license they were convicted of any such offence, the Board of Revenue mey declare its license forfeited. If lhe above said persons ere convicled under the Penal Code or after the issue of the license to the Society should it transpire thet, previous to such issue they were convicted under that lew such conviction or disqualification shall render them liable to forfeilure of the license and also to the forfelture of the deposil made by lhe Society if the offence of which they were convicted or the disquelification which has been disclosed is such as in the opinion of the Board of Revenue renders them unfil to hold it. When e license is forfeited under this cleuse lhe privilege shall be resold or otherwise disposed of at lhe risk of the Society.

49. With lhe sanction of Government, lhe Board of Revenue mey upon giving 15 days' notice revoke the license in which case a proportionate part of the fee paid by the Society shall be relunded lo it.

50. All Excise Officers of and above the renk of Preventive Officers in charge of units shall have euthority to inspect licensed shops to examine the premises, to test measures In use and the articles under sale and to call for and check the accounts kept In the shop. The Society or its agents or salesmen shall on requisition by lhe Inspecting officer produce before him the whole slock in hand of the article under sale and afford him every fecility for taking slock of the same.

51. The Society shall possess or use in his licensed premises only such standard measures of capacity as may from time to time prescribed by Government.

52. The Society may draw the toddy it requires for sele or mey have it drawn under tree tapping licenses to be obtained under lhe rules releting to the tree-tax system from trees marked out for ils shops. The Society mey purchese toddy from any licensed toddy shop-keeper on application to the Excise Inspector of the Range who will grenl lhe required permits on proof of the necessity for lhe same. No toddy except lhe produce of lrees marked by proper officer and tapped under a license shell be kepl in the shops or offered for sale or sold.

53. Il shell be competent to the Board of Revenue to restrict the number of trees to be licensed for any shop should it be found thel lhe number applied for by the Society Is ln excess of lhe actuel requirements of the shops.

54. The society shall not sell toddy unless il has laken out a tree tepping license under lhe tree-tex rules. The license confers no righl to the free use of any tree for lhe purpose of tapping. The Society must make its own arrangements with the owner of the tree.

55. The Society shall be responsible lo Government for all instalments of fees due on accounl of tree tepping licenses granted on its application in Its name or in lhe name of its nominee under the conditions set forth therein and ln the rules relating thereto.

56. No women shall be employed on any capacity in a Toddy shop.

57. The Society shell be bound by all the rules which heve been pessed under the Travancore Abkari Act (Act IV of 1073) and which may hereafter be pessed under the said Act or under any law relating to Abkari revenue which may hereafter be pessed or eny orders pessed by the Board of Revenue, of the Stete in respect of Abkari revenue.

By order of the Governor,

Government Secretariat,
Trivendrum,
27-2-1958.

M. K. Devassy,
Secretary.

1958 ഏപ്രിൽ 1-ാം തീയതി മുതൽ 1959 മാർച്ച് 31-ാം തീയതിവരെയുള്ള കാലത്തേക്ക് ചേർത്തല എക്സൈസ് റേഞ്ചിലും ആലപ്പുഴ എക്സൈസ് റേഞ്ചിലും ഉള്ള സ്വാതന്ത്ര്യ പീടികകളിൽ കള്ളു വില്ക്കുന്നതിനുള്ള അവകാശത്തെപ്പററിയുള്ള പരസ്യം.

1073-ലെ 4-ാം ആക്ട് ആയ തിരുവിതാംകൂർ അബ്കാരി 14-ം, 26-ം വകുപ്പു പ്രകാരവും ഈ സംബന്ധമായി സിദ്ധിച്ചിട്ടുള്ള മററു സകല അധികാരങ്ങൾ പ്രകാരവും കേരള ഗവണ്മെൻറിൽ നിന്നും പരസ്യപ്പെടുത്തുന്നതെന്തെന്നാൽ 1958 ഏപ്രിൽ മാസം 1-ാം തീയതി മുതൽ 1959 മാർച്ച് 31-ാം തീയതിവരെയുള്ള കാലത്തേക്കു ചേർത്തല, ആലപ്പുഴ എന്നീ എക്സൈസ് റേഞ്ചുകളിൽ കള്ളുചെത്തുകയും വില്ക്കുകയും ചെയ്യുന്നതിനുള്ള അവകാശം യഥാക്രമം ചേർത്തല താലൂക്കിൽ കള്ളുചെത്തു തൊഴിലാളികൾ രൂപീകരിച്ചിട്ടുള്ള 4197-ാം നമ്പർ സഹകരണസംഘത്തിനും അമ്പലപ്പുഴ താലൂക്കിൽ കള്ളുചെത്തു തൊഴിലാളികൾ രൂപീകരിച്ചിട്ടുള്ള 4161-ാം നമ്പർ സഹകരണസംഘത്തിനും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി ഏല്പിച്ചുകൊടുക്കുന്നതാണ്. ഈ പ്രദേശങ്ങളിൽ കള്ളുവില്പന നടത്തുവാൻ അവകാശമുള്ള സ്വാതന്ത്ര്യ ഷാപ്പുകളുടെ എണ്ണവും അവ സ്ഥാപിക്കുവാനുള്ള സ്ഥലത്തിൻെറ അതിർത്തികളും ഇതിനോടു സംബന്ധിച്ചിട്ടുള്ള പട്ടികയിൽ നിർണ്ണയിച്ചിട്ടുണ്ട്.

സഹകരണസംഘങ്ങൾ ഏറെറടുക്കുന്ന സ്വാതന്ത്ര്യ പീടികകളിൽ കള്ളു നിർമ്മിക്കുന്നതും വില്ക്കുന്നതും സംബന്ധിച്ചുള്ള അവകാശത്തിനുള്ള നിബന്ധനകൾ.

1. സഹകരണസംഘം ഏറെറടുക്കുന്ന പ്രദേശങ്ങളിലെ കള്ളുഷാപ്പുകൾ മാത്രമേ 1957-58-ൽ അവസാനിക്കുന്ന അബ്കാരി സാമ്പത്തിക വർഷത്തിലെ അതാതു ഷാപ്പിൻെറ ലേലത്തുകയുടെ ശരാശരി വരുന്നതായ സംഖ്യക്ക് സംഘത്തിനു കൊടുക്കുന്നതാണ്.

2. മേൽപ്രകാരം നിശ്ചയിക്കുന്ന കിസ്തു സംഖ്യയുടെ പത്തു ശതമാനത്തിനു തുല്യമായ ഒരു സംഖ്യ സ്ഥലത്തെ ഗവണ്മെൻറ് ഖജനാവിലോ രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ ബാങ്കിലോ ഒടുക്കീട്ട് അതിലേക്കുള്ള രസീതു അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ മുമ്പാകെ 1958 മാർച്ചുമാസം 15-ാം തീയതിയോ, 15-ാം തീയതിക്കു മുമ്പിലോ ഹാജരാക്കേണ്ടതും ഡിപ്പോസിററ് കെട്ടിവച്ച തീയതി മുതൽ 15 ദിവസത്തിനകം ആവശ്യമുള്ള ഉടമ്പടി എഴുതിക്കൊടുക്കുകയും ലൈസൻസ് വാങ്ങിക്കൊള്ളേണ്ടതുമാകുന്നു. അപ്രകാരം പത്തു ശതമാനം കിസ്തുസംഖ്യ കെട്ടിവയ്ക്കുകയോ മുറപ്രകാരമുള്ള ഉടമ്പടി എഴുതിക്കൊടുക്കുകയോ ലൈസൻസ് വാങ്ങിക്കുകയോ ചെയ്യാതിരുന്നാൽ ഷാപ്പുകൾ പരസ്യമായി ലേലം വിളിക്കുകയോ മററു തരത്തിൽ വിനിയോഗിക്കുകയോ ചെയ്യുന്നതാകുന്നു.

3. മേൽ രണ്ടാം വകുപ്പുപ്രകാരം നടത്തുന്ന ലേലം വിളിയും മററു നടപടികളും സഹകരണസംഘത്തിൻെറ നഷ്ടബാദ്ധ്യതയിന്മേലായിരിക്കും. വില്ക്കുന്നതിൽ നിന്നും ലഭിക്കുന്ന യാതൊരു ലാഭത്തിനും സംഘത്തിനു അവകാശമില്ലാത്തതും, എന്നാൽ നഷ്ടം വരുന്നതായാൽ ആ സംഘത്തിനെക്കൊണ്ട് കെട്ടിവയ്പിക്കുന്നതുമാകുന്നു. സംഘം കെട്ടിവയ്ക്കേണ്ടിവരുന്ന തുക കരക്കുടിശ്ശിക ഈടാക്കുന്ന വിധത്തിൽ ഈടാക്കുന്നതാകുന്നു.

4. അവകാശത്തെ എല്ലാ മുതൽ വാങ്ങിയ ആ തുക സ്ഥലം ഗവണ്മെൻറ് ഖജനാവിൽ പത്തു തുല്യതവണകളായി 1958 ഏപ്രിൽ മുതൽ തുടങ്ങുന്ന ഓരോ മാസം പത്താം തീയതിയോ അതിനു മുമ്പോ ഒടുക്കേണ്ടതാണ്. അപ്രകാരം ഒടുക്കാതിരുന്നാൽ 11-ാം തീയതി മുതൽ ആ തവണക്ക് ഒന്നിനു ആറു വീതം പലിശ ഈടാക്കുന്നതാണ്.

5. വല്ല മാസത്തിലേക്കും അടയ്ക്കുവാനുള്ള കിസ്തു 1-ാം വകുപ്പ് അനുസരിച്ച് ചെല്ലാനുള്ള പലിശയോടുകൂടി ആ മാസത്തിൽ 20-ാം തീയതിയോ അതിനു മുമ്പോ ഒടുക്കാൻ വീഴ്ച വരുത്തുന്ന പക്ഷം റവന്യൂബോർഡിന് സംഘത്തിൻെറ നഷ്ടോത്തരവാദിത്വത്തിന്മേൽ ലൈസൻസ് റദ്ദുചെയ്തു അവകാശത്തെ ലേലം ചെയ്തു വില്ക്കുന്നതിന് ആജ്ഞാപിക്കുകയോ കരാർകാര്യത്തെ ഡിപ്പാർട്ടുമെൻറ് മുഖാന്തിരം നടത്തുന്നതിനു ആജ്ഞാപിക്കുകയോ അക്കാര്യത്തെപ്പററി മററു വിധത്തിൽ തീർച്ചപ്പെടുത്തുകയോ ചെയ്യാം. അപ്രകാരം അവകാശത്തെ ഒന്നാമതു മേൽപ്രകാരം ലേലം ചെയ്തു വില്ക്കുകയോ ഡിപ്പാർട്ടുമെൻറ് മുഖേന നടത്തുകയോ ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങളും വീഴ്ച വരുത്തിയ സംഘം വഹിക്കേണ്ടതും എന്നാൽ അതുമൂലം വല്ല ആദായം ഉണ്ടായാൽ അതിലേക്ക് ടി സംഘത്തിന് അവകാശമില്ലാത്തതുമാകുന്നു. കരാർകാലത്തിൻെറ ആരംഭത്തിൽ കെട്ടിവച്ചിരിക്കുന്ന ഡിപ്പോസിററ് തുക വല്ലതുമുണ്ടെങ്കിൽ അതു മുഴുവൻ ഇല്ലാതെ പോകേണ്ടതുമാകുന്നു. എന്നാൽ അവകാശത്തെ വീണ്ടും വില്ക്കുന്നതുവരെയോ മററു വിധത്തിൽ നടപടി നടത്തുന്നതുവരെയോ വില്പന നടത്തിക്കൊള്ളുന്നതിനു റവന്യൂബോർഡിന് അനുവദിക്കുകയോ റവന്യൂബോർഡിന് യുക്തമെന്നു തോന്നുന്ന മററു വല്ല ഏർപ്പാടുകളും ചെയ്യുകയോ ചെയ്യാവുന്നതാണ്. കിസ്തുവിലോ മററോ സംഘത്തിൽ നിന്നും ഈടാക്കാവുന്ന വല്ല തുകയേയും കരംപിരിവാക്കുമാറ് അനുസരിച്ച് പിരിക്കുകയോ കരാർകാലത്തിൻെറ ആരംഭത്തിൽ സംഘം വച്ചിട്ടുള്ള ഡിപ്പോസിററ് വല്ലതുമുണ്ടെങ്കിൽ ആ ഡിപ്പോസിററിൽനിന്നും ഈടാക്കുകയോ മററു വല്ല നടപടി കൾ നടത്തി [illegible]

6. ഓരോ ഷാപ്പിലേയും അതാതു ദിവസത്തിലെ വില്പന കഴിഞ്ഞ് ബാക്കി വരുന്ന പിരിവുസംഖ്യ ഗവണ്മെൻറ് ഖജനാവിലോ രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ ബാങ്കിലോ അടുത്ത ദിവസംതന്നെ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഒടുക്കുന്ന തുക പ്രത്യേക കണക്കായി സൂക്ഷിക്കേണ്ടതും ഈ തുക അസിസ്റ്റൻറ് എക്സൈസ് കമ്മീഷണറുടെയോ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറയോ അനുവാദം കൂടാതെ തിരികെ എടുക്കുന്നതിന് സംഘത്തിന് അധികാരമില്ല. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർക്ക് ഗവണ്മെൻറിലേക്ക് അടയ്ക്കുവാനുള്ള കിസ്തിലേക്കായി വരവുവയ്ക്കുന്നതിലേക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അടക്കുന്ന തുകയിൽ (ഡിപ്പോസിററിൽ)നിന്നും എടുക്കുന്ന സംഖ്യ തികച്ചും റേയിഞ്ചിൽ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻെറ പക്കൽനിന്നും നോട്ടീസ് കിട്ടി 15 ദിവസത്തിനകം ഡിപ്പോസിററിൽനിന്നും എടുത്തിട്ടുള്ള തുകയെ തിരികെ അടയ്ക്കുന്നതിന് സംഘത്തിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

7. മേൽ രണ്ടാം വകുപ്പുപ്രകാരം മുൻകൂറായി കെട്ടിവയ്ക്കുന്ന പത്തു ശതമാനം കിസ്തു സംഖ്യ ലൈസൻസിലെ നിബന്ധനകളെ ശരിയായി നടത്തുന്നതിലേക്കുള്ള ജാമ്യമായി സ്വീകരിക്കുന്നതാകുന്നു. ഈ ഡിപ്പോസിററുകൾ ചട്ടങ്ങൾ അനുസരിച്ച് മുൻപിലത്തെ സർക്കാരിലേക്ക് കൊടുക്കപ്പെടാതിരിക്കുന്ന പക്ഷം കാര്യത്തിൻെറ അവസാനം പോലെ കരാറുകാരുടെ ഒടുവിലത്തെ തവണക്ക് ചേരുന്നതായ കിസ്തിനായി വരവു വയ്ക്കുന്നതാകുന്നു.

8. സംഘത്തിൻെറ പ്രവർത്തക സമിതിയിൽ ഗവണ്മെൻറിൻെറ ഒരു പ്രതിനിധി കൂടെ ഉണ്ടായിരിക്കുന്നതാണ്.

9. ഇപ്രകാരം സംഘത്തിന് ഉടമ്പടിപ്രകാരം ഷാപ്പുകൾ നടത്താൻ കൊടുത്തിട്ടുള്ള പ്രദേശത്തിൻെറ അതിർത്തിയിലുള്ള ഷാപ്പുകൾ ലേലത്തിൽ വിററു കൊടുക്കുന്നതിന് സംഘത്തിനെ അനുവദിക്കുന്നതല്ല.

10. സംഘം ഒരു ഖജനാവിൽ അവരുടെ വിഹിതം ഗവണ്മെൻറിനു ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഷാപ്പു സംബന്ധിച്ചുള്ള പണം ഒടുക്കുന്നതായിരിക്കുമ്പോൾ സംഘം അധികാരപ്പെടുത്തിയിരിക്കുന്ന ഏജൻറ് ഏല്പിച്ചിട്ടുള്ളതും ആ റേയിഞ്ചു ചുമതലയുള്ള എക്സൈസ് ഇൻസ്പെക്ടറാകട്ടെ ഇതിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ള മററു വല്ല ഉദ്യോഗസ്ഥനോ ആകട്ടെ പണം ഒടുക്കുന്നതിന് മൂന്നു ദിവസത്തിനകം മുമ്പായിട്ടില്ലെങ്കിൽ മേലൊപ്പിട്ടിട്ടുള്ളതുമായ പണം ഒടുക്കലിനുള്ള ചെല്ലാൻ പണത്തോടുകൂടി ആയാൾ ഖജനാവിൽ ഹാജരാക്കണം.

11. ഈ സ്വാതന്ത്ര്യാവകാശത്തെ ഏല്പിച്ചതനുസരിച്ചുള്ള ലൈസൻസു കൊടുത്തിട്ടില്ലാതിരുന്നാലും ഈ ചട്ടങ്ങൾ അനുസരിച്ചുള്ള നിബന്ധനകളെ ലംഘിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ശിക്ഷകൾക്ക് സംഘം പാത്രമായിരിക്കും.

12. കിസ്തു തുക വിട്ടുകൊടുക്കുന്നതിനോ കുറയ്ക്കുന്നതിനോ യാതൊരു സംഗതിയിലും സംഘം അപേക്ഷിക്കുന്നതല്ല.

13. സംഘം ഏറെറടുത്തു നടത്തുന്ന എല്ലാ ഷാപ്പുകളും 1957-58-ൽ അവസാനിക്കുന്ന അബ്കാരി സാമ്പത്തിക വർഷത്തേക്ക് ഓരോ ഷാപ്പിലേക്കും ലൈസൻസിനു ചേർത്തിട്ടുള്ള വൃക്ഷങ്ങളുടെ ശരാശരി വൃക്ഷത്തിന്മേൽ പത്തു ശതമാനം കൂടുതൽ വൃക്ഷക്കരം മാസംതോറും അടക്കുവാനുള്ള കിസ്തിനോടുകൂടി ഖജനാവിൽ അടക്കേണ്ടതാണ്.

14. വൃക്ഷക്കരത്തെപ്പററി മേൽ പതിമൂന്നാം വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളതൊഴികെ ഇപ്പോൾ നിലവിൽ ഇരിക്കുന്നതോ ഇനിമേൽ അനുവദിക്കാവുന്നതോ ആയ ചെത്തുവൃക്ഷക്കര ചട്ടങ്ങളെല്ലാം സംഘം അനുസരിച്ചു നടക്കേണ്ടതാണ്.

15. സഹകരണസംഘം ലൈസൻസിയാകുന്ന അനുഭവങ്ങൾക്ക് സംബന്ധിക്കുന്ന ചട്ടങ്ങൾക്ക് ഉൾപ്പെട്ട് ഷാപ്പുതോറും വല്ല കള്ളും അവരുടെ ലൈസൻസിൽ വിവരിച്ചിരിക്കുന്ന സ്ഥലത്തിൽനിന്നല്ലാതെ മററു ദിക്കിൽ കൊണ്ടുവരികയോ ചെത്തുകയോ ചെയ്യുന്നതിനെ നിരോധിച്ചിരിക്കുന്നു.

16. യാതൊരു കള്ളുഷാപ്പിനെയും പട്ടികയിൽ വിവരിച്ചിരിക്കുന്ന അതിർത്തികൾക്ക് പുറമേ മാററിക്കൂടാത്തതാകുന്നു. എന്നാൽ റവന്യൂബോർഡിൻെറയോ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണറുടെയോ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ആ അതിർത്തികൾക്ക് അകത്തുതന്നെ ഒരു സ്ഥലത്തുനിന്നും മററൊന്നിലേക്ക് മാററാവുന്നതാണ്.

17. കള്ളുഷാപ്പുകളെ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്ക് മാററുന്നതിന് ആജ്ഞാപിക്കുവാനോ പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഷാപ്പിൻെറ അതിർത്തികളെ ഭേദപ്പെടുത്തുകയോ പൊതുജനങ്ങളുടെ സൌകര്യത്തിൻെറയോ സദാചാരത്തിൻെറയോ ഗുണത്തിനോ ആയി, ആവശ്യമെന്നു തോന്നുന്ന കാരണത്താലോ വല്ല ഷാപ്പിനെയോ അടച്ചിടുന്നതിനു ഗവണ്മെൻറിൻെറ ഉത്തരവിനു വിധേയമായി റവന്യൂബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്. [illegible]

18. കള്ള് വില്ക്കുന്നത് [illegible]

ആവശ്യക്കാർക്ക് പ്രത്യേകം തിരിച്ച് വച്ചിരിക്കുന്ന ഉചിതമായ ഒരു കെട്ടിടത്തിൽ വച്ചുമാത്രമേ തുറക്കാവൂ.

19. ലൈസൻസുള്ള വല്ല വളപ്പിലും ലൈസൻസ് സംബന്ധിക്കുന്നതല്ലാത്ത വേറെ വല്ല മദ്യമോ അല്ലെങ്കിൽ വല്ല മധുരക്കള്ളോ ഉമക്കള്ളോ കൈവശം വയ്ക്കുകയോ വില്ക്കുകയോ ചെയ്യരുത്.

20. മൂന്നടി നീളം രണ്ടടി വീതിയിൽ കുറയാത്തതും കറുത്ത ചായം പൂശി ഷാപ്പിന്റെ നമ്പരും പേരും വെളുത്ത ചായം കൊണ്ട് എഴുതിയിട്ടുള്ളതും ആയ ഒരടയാളപ്പലക ഷാപ്പിന്റെ മുൻവശം മാത്രം സ്ഥാപിക്കാവുന്നതാകുന്നു. പ്രസ്തുത അടയാളപ്പലകയിന്മേൽ മററു യാതൊന്നും രേഖപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു. ലൈസൻസ് ഷാപ്പിനകത്ത് എല്ലാവർക്കും കാണാവുന്ന സ്ഥലത്ത് തൂക്കിയിരിക്കണം.

21. വില്ക്കാനായി വച്ചിരിക്കുന്നതോ വില്ക്കാമെന്നു പറയുന്നതോ ആയ എല്ലാ കള്ളും നല്ലതരത്തിൽ ഉള്ളതും ശുദ്ധമുള്ളതും കലർപ്പു ചേരാത്തതുമായിരിക്കണം. അതിന്റെ ലഹരിശക്തി വർദ്ധിപ്പിക്കുന്നതിലേക്കോ മററു വല്ല കാര്യത്തിലേക്കോ ആയി ഈ സാധനങ്ങളോട് യാതൊന്നിനേയും കലർത്തിക്കൂടാ.

22. സേവിക്കുന്നതിന് കൊള്ളരുതാത്തതായോ കലർപ്പു ചേർന്നിട്ടുള്ളതായി സംശയിക്കപ്പെടുന്നതായോ ഉള്ള ഏതു കള്ളും കൈവശപ്പെടുത്തുന്നതിന് പീടികകളെ പരിശോധിക്കാൻ അധികൃതനായ ഓരോ ഉദ്യോഗസ്ഥനും അധികാരമുള്ളതാകുന്നു. പീടികയിൽ വച്ചിരിക്കുന്ന കള്ള് സേവിക്കുന്നതിന് കൊള്ളരുതാത്തതോ കലർപ്പ് ചേർന്നിട്ടുള്ളതോ ആണെന്നു കണ്ടാൽ അതിനെ നശിപ്പിക്കുന്നതിന് റവന്യൂ ബോർഡിനേയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറേയും റേയിഞ്ചുകളുടെ ചാർജ് വഹിക്കുന്ന എക്സൈസ് ഇൻസ്പെക്ടറന്മാരെയും യൂണിററുകളുടെ ചാർജ്ജ് വഹിക്കുന്ന പ്രിവന്റീവ് ഉദ്യോഗസ്ഥന്മാരെയും അധികാരപ്പെടുത്തിയിരിക്കുന്നു.

23. 18 വയസ്സിന് താഴെയുള്ള വല്ല ആളോ കുഷ്ഠരോഗമോ മററുവല്ല സാംക്രമികരോഗങ്ങളോ പിടിപെട്ടിട്ടുള്ള യാതൊരു ആളോ കള്ള് വില്ക്കുകയോ കടത്തിക്കൊണ്ട് പോകുകയോ ചെയ്യുന്നതിനേയും പീടികകളിൽ അങ്ങനെയുള്ള ആളുകളെ പണിക്കാക്കുന്നതിനേയും നിരോധിച്ചിരിക്കുന്നു.

24. യാതൊരു പീടികയും കാലത്ത് എട്ടുമണിക്ക് മുമ്പ് തുറക്കുകയോ രാത്രി എട്ടുമണി ആയതിൽ പിന്നീട് തുറന്നു വയ്ക്കുകയോ ചെയ്യരുത്.

25. പീടികക്ക് അകത്തു മദ്യപാന മത്സരമോ ചൂതാട്ടമോ ചൂതുകളിയോ അനുവദിക്കരുത്. ദുർന്നടത്തക്കാരെന്നു പേരുകേട്ട യാതൊരാളിനേയും പീടികകളിൽ വരുന്നതിനോ താമസിക്കുന്നതിനോ അനുവദിച്ചുകൂടാ. വല്ല കുററവും നടത്തിയിരിക്കുകയോ അതുമായി കുററം നടത്തുന്നവരോ അക്രമികളോ ഉണ്ടായിരിക്കുകയോ ചെയ്യുന്നതിനെ പററി എത്രയും അടുത്തുള്ള മജിസ്ട്രേട്ടിനേയോ പോലീസ് സ്റ്റേഷനിലോ തെര്യപ്പെടുത്തേണ്ടതാകുന്നു. ന്യായവിരുദ്ധമോ സദാചാരവിരുദ്ധമോ ആയ കാര്യത്തിലേക്കായി യാതൊരു ആളിനേയും യാതൊരു പീടികയിലും കയറുകയോ അതിനു താമസിക്കാൻ അനുവദിക്കുകയോ ചെയ്തുകൂടാ.

26. (എ) കമ്മീഷണറുടെയോ ആഫീസറുടെയോ ഇതിലേക്കായി അദ്ദേഹത്താൽ ക്രമപ്രകാരം അധികൃതനായ വല്ല ആളുടെയോ രേഖാമൂലമായ അനുവാദം കൂടാതെ—

1. വല്ല യൂറോപ്യൻ നാൺകമ്മീഷൻഡ് ആഫീസർക്കും പ്രൈവററ് അല്ലെങ്കിൽ സോൾജർ ഇവർക്കും,

2. വല്ല യൂറോപ്യനോ ആംഗ്ലോ ഇൻഡ്യനോ ആയ സേനാനായകനും,

3. മേൽ പറഞ്ഞ ആളുകളിൽ വല്ലവരുടെയും കുടുംബങ്ങളിലെ അംഗമായ ഏവനും.

(ബി) ഡ്യൂട്ടിയിൽ ഇരിക്കുമ്പോൾ:—

1. യൂറോപ്യനോ ആംഗ്ലോ ഇൻഡ്യനോ ആയ വല്ല കപ്പലോട്ടക്കാരനോ.

2. ഏതെങ്കിലും ഇൻഡ്യൻ നാൺകമ്മീഷൻഡ് ഉദ്യോഗസ്ഥനോ പ്രൈവററിനോ ശിപായിക്കോ പോലീസ് സൈന്യത്തിലെ ഏതെങ്കിലും ആൾക്കോ.

3. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ യാതൊരു ജീവനക്കാരനോ.

4. ഒരു റെയിൽവേ കമ്പനിയിൽ യാതൊരു ജീവനക്കാരനോ.

(സി) യാതൊരു അവസ്ഥകളിലും

1. പോലീസ് ബന്ധവസ്സിൽ പോകുന്ന വല്ല യൂറോപ്യനോ ആംഗ്ലോ ഇൻഡ്യനോ ആയ ഉഴൽച്ചക്കാരനും

2. 18 വയസ്സിന് താഴെയുള്ള വല്ല ആൾക്കോ

3. ഭ്രാന്തനായ വല്ലവനോ

4. മദ്യപാനമത്തൻ എന്നറിഞ്ഞിരിക്കുകയോ വിശ്വസിക്കുകയോ ചെയ്യുന്ന വല്ല ആൾക്കോ കള്ള് വില്ക്കുകയോ കൊടുക്കുകയോ ചെയ്യരുത്.

27. യൂറോപ്യൻ ശിപായിമാരോ ഇൻഡ്യാക്കാരായ ശിപായിമാരോ ചേർന്നിട്ടുള്ള ഒരു പട്ടാളമോ അല്ലെങ്കിൽ അതിന്റെ അംശമോ സമീപസ്ഥലങ്ങളിൽ കൂടി പോകുകയോ കൂടാരമടിച്ചിരിക്കുകയോ ചെയ്തിരിക്കുമ്പോൾ ആ വഴിയിലോ വഴിയരികിലോ ഉള്ള കടകളെ റവന്യൂ ബോർഡ് ആജ്ഞാപിക്കുംപോലെ അടയ്ക്കേണ്ടതാകുന്നു. അയൽസ്ഥലങ്ങളിൽ ലഹളയോ, ഉപദ്രവമോ, ഉണ്ടായിരിക്കുമ്പോൾ പീടികക്കാർ സ്വയമേവ പീടികകളെ അടയ്ക്കേണ്ടതാകുന്നു.

28. ലൈസൻസ് കൂടാതെ കൈവശം വച്ചുകൊണ്ടിരിക്കാവുന്ന ഗവണ്മെന്റ് വിധിച്ചിട്ടുള്ള അളവിൽ അതായത് ആറ ഗ്യാലണിൽ കൂടുതലായി കള്ള് റേയിഞ്ചിലോ ഡിവിഷനുകളിലോ യഥാക്രമം എക്സൈസ് റേയിഞ്ചിലോ ഡിവിഷനോ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പക്കൽനിന്നും കിട്ടിയ സാധുവായ പെർമിററ് കൂടാതെ ലൈസൻസുള്ള യാതൊരു വളപ്പിനകത്തുനിന്നും ഒരേ സമയം യാതൊരു ആൾക്കും കടത്തിക്കൊണ്ട് പോകുന്നതിന് അനുവദിക്കപ്പെടുന്നതല്ല. ഈ ചട്ടപ്രകാരം സംഘത്തിന് പെർമിററുകൾ കൊടുക്കാൻ അധികാരമില്ല.

29. യാതൊരു പീടികയും താൽക്കാലികമായോ സ്ഥിരമായോ അടയ്ക്കുന്നതിന് റവന്യൂ ബോർഡ് അധികാരപ്പെടുത്തുകയോ ആജ്ഞാപിക്കുകയോ ചെയ്തിരുന്നാൽ അല്ലാതെ അങ്ങിനെ 24-ാം വകുപ്പിൽ വിധിച്ചിരിക്കുന്നവിധം തുറന്നുവച്ചിരിക്കേണ്ടതാകുന്നു. സ്ഥലത്തെ ആവശ്യങ്ങൾക്ക് മതിയാകും എന്നു റവന്യൂ ബോർഡോ, ഡിവിഷന്റെ ചാർജ് വഹിക്കുന്ന അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറോ വിചാരിക്കുന്നിടത്തോളം കള്ള് ഓരോ പീടികയിലും, ഉണ്ടായിരിക്കേണ്ടതാകുന്നു. 1958 മേയ് 1-ാം തീയതിക്ക് മുമ്പ് തുറക്കപ്പെടാത്ത പീടികകളും ഒരിക്കൽ തുറക്കപ്പെട്ടതും എന്നാൽ തുടർന്ന് 30 ദിവസങ്ങൾക്കധികം വില്പനകൾ നിറുത്തൽ ചെയ്തിരിക്കുന്നതുമായ പീടികകളും ലൈസൻസ് ലഭിച്ചവരുടെ നഷ്ടോത്തരവാദിത്വത്തിന്മേൽ വീണ്ടും വില്ക്കപ്പെടുന്നതാകുന്നു.

30. ഒരാൾക്കും പണത്തിനായിട്ടല്ലാതെ പീടികകളിൽ കള്ള് വിററുകൂടാ.

31. സഹകരണസംഘം അന്നന്നു നടക്കുന്ന കൊടുക്കൽ വാങ്ങലുകളുടെ സത്യമായ വിവരം റവന്യൂ ബോർഡ് നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ മഷി കൊണ്ട് ദിവസേന എഴുതി അവരുടെ പീടികകളിൽ വച്ചിരിക്കേണ്ടതാകുന്നു. ആവിധം കണക്കുകൾ അച്ചടിച്ച പുസ്തകങ്ങളിൽ ആയിരിക്കണം. ഈ പുസ്തകങ്ങൾ കോംവില കൊടുത്ത് എക്സൈസ് ഡിപ്പാർട്ട്മെന്റിൽനിന്നും വാങ്ങാവുന്നതുമാകുന്നു. ആ കണക്കുകൾ അത്തരം പീടികകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ പരിശോധനക്കായി ഹാജരാക്കേണ്ടതാകുന്നു.

32. റവന്യൂ ബോർഡ് അതാതു കാലം ആവശ്യപ്പെടുന്ന തവണക്കണക്കുകളും മററു വിവരങ്ങളും സംഘം അയയ്ക്കേണ്ടതാകുന്നു.

33. കള്ള് കടത്തിക്കൊണ്ട് പോകുകയോ വില്ക്കുകയോ ചെയ്യുന്നതിനു സംഘം നിയമിക്കപ്പെട്ട വല്ല ആളും കലാം നിയമമോ അതിൻ നിയമമോ അനുസരിച്ച് ഉണ്ടാക്കപ്പെട്ടിട്ടുള്ള വല്ല ചട്ടമോ ലംഘിച്ച് നടക്കുന്നതായ വല്ല സംഗതികളും തന്റെ അറിവിൽപ്പെടുന്നതായാൽ എല്ലാ സംഗതികളും റവന്യൂ ബോർഡിനോ ഡിവിഷൻ ചാർജ് വഹിക്കുന്ന അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർക്കോ റിപ്പോർട്ടുചെയ്യുന്നതിനും അങ്ങിനെയുള്ള ആളിനെ മേലാൽ ജോലിയിൽ വച്ചിരിക്കരുതെന്നു റവന്യൂ ബോർഡോ ഡിവിഷന്റെ ചാർജ് വഹിക്കുന്ന അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറോ കൊടുക്കുന്ന യാതൊരു ഉത്തരവിനേയും അനുസരിക്കുന്നതിനും സംഘം ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

34. പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് അവരുടെ റിമാർക്കുകൾ എഴുതുന്നതിന് വശങ്ങൾക്ക് തുടർച്ചയായി നമ്പർ ഇട്ട ഒരു പരിശോധന നോട്ട് ബുക്ക് എല്ലാ പീടികകളിലും വച്ചിരിക്കണം.

35. റവന്യൂ ബോർഡിന് അതിന്റെ കീഴിലുള്ള വല്ല എക്സൈസ് ഉദ്യോഗസ്ഥന്റെയും ഉത്തരവിനെ അനുസരിപ്പെടുത്തുവാനോ ഭേദപ്പെടുത്തുവാനോ മററു വിധത്തിൽ പുതുക്കാനോ അധികാരമുള്ളതാകുന്നു.

36. തെങ്ങിൽനിന്നോ പനയിൽനിന്നോ ചൂണ്ടപനയിൽനിന്നോ എടുക്കുന്നതല്ലാതെ യാതൊരു കള്ളും പീടികകളിൽ വില്ക്കാൻ പാടുള്ളതല്ല.

37. ഈ ചട്ടങ്ങൾ അനുസരിച്ച് കൊടുക്കുന്ന ലൈസൻസിനാൽ സിദ്ധിക്കുന്ന അവകാശം മുത്ത കള്ള് നിർമ്മിക്കുന്നതിലേക്കും വില്ക്കുന്നതിലേക്കും മാത്രം ബാധിക്കുന്നതും മററ് ഏതെങ്കിലും തരത്തിലുള്ള മദ്യങ്ങളെ ബാധിക്കുന്നതല്ലാത്തതുമാകുന്നു. മററ് മദ്യങ്ങൾ വില്ക്കുന്നതിനുള്ള അവകാശം വില്ക്കുന്നതിന് ഗവണ്മെന്റിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

38. സഹകരണസംഘവും അവരുടെ പീടികകളിൽനിന്നും അഞ്ച് മൈയിനകം യാതൊരു സ്ഥലത്തും ചാരായമോ അല്ലെങ്കിൽ വിദേശസ്പിരിറ്റുകളോ മദ്യങ്ങളോ തമ്മുംകൂടിയോ

വിൽക്കുന്നതിനുള്ള അവകാശത്തിൽ നേരിട്ടോ പരോക്ഷമായോ യാതൊരു താല്പര്യവും അവരുടെ ലൈസൻസുകളൊന്നിലും ഉണ്ടായിരിക്കരുത്, അങ്ങിനെയുള്ള ആളിനു് അവിടം താല്പര്യമേ യാതൊരു ആളും കള്ളു് വിൽക്കുന്നതിനുള്ള തന്റെ പൂർണ്ണ സ്വാതന്ത്ര്യ അവകാശത്തിൽ യാതൊരു ബാഹ്യമായ താല്പര്യമോ ഉണ്ടായിരിക്കുന്നതിനും സംഘം അനുവദിക്കയും അരുത്.

39. സഹകരണസംഘമോ അതിന്റെ കീഴിൽ ജോലി നോക്കുന്ന മററു് ഏതെങ്കിലും ആളോ കള്ളു് ഇംപീരിയൽ ഗാലന് ഒന്നിനു് 10 അണയിൽ കുറഞ്ഞ് ഏതെങ്കിലും തുകയ്ക്കു് വിൽക്കാൻ പാടുള്ളതല്ല.

40. കള്ളു് വച്ചിട്ടുള്ള പാത്രങ്ങളെ നിരാക്ഷേപമായവിധത്തിൽ വൃത്തിയായി സൂക്ഷിക്കേണ്ടതാകുന്നു.

41. കണക്കുകളുടെയോ ലൈസൻസിന്റെയോ ശരിയായ നടത്തിപ്പിനുവേണ്ടി സംഘം അവരുടെ ലൈസൻസിനോ കണക്കിനോ സംബന്ധിച്ചു് രേഖകൾ ഒപ്പിടുന്നതിനു് സ്വീകരിക്കപ്പെട്ട ഏജൻറിനെയോ ഭൃത്യനെയോ മററൊരാളെയോ ആവശ്യമെന്നു് എപ്പോഴെങ്കിലും റവന്യൂ ബോർഡിനു് തോന്നുമ്പോൾ റവന്യൂ ബോർഡിന്റെ ആവശ്യപ്രകാരം പ്രവർത്തിക്കുന്നതിനു് സംഘം നിർബന്ധിതരായിരിക്കുന്നതാകുന്നു.

42. റവന്യൂ ബോർഡിന്റെ രേഖാമൂലമായ സമ്മതം കൂടാതെ സംഘം അവരുടെ കണക്കുകളുടെയോ ലൈസൻസിന്റെയോ വിഷയത്തെ വില്ക്കുകയോ മററു വിധത്തിൽ കൈമാററം ചെയ്യുകയോ ചെയ്യരുതു്.

43. റവന്യൂ ബോർഡോ റവന്യൂ ബോർഡു് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ആവശ്യപ്പെടുമ്പോൾ സംഘം ലൈസൻസിനെ ഭേദപ്പെടുത്തുന്നതിനോ കണക്കു പരിശോധിക്കുന്നതിനോ കൊടുക്കേണ്ടതാകുന്നു.

44. റവന്യൂ ബോർഡു് വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള നിബന്ധനകൾ അനുസരിച്ചല്ലാതെ സംഘം കള്ളിൽ നിന്നും വിന്നാഗിരി നിർമ്മിക്കാൻ പാടില്ല. കള്ളിൽ നിന്നും ചാരായങ്ങൾ വാററി എടുക്കുന്നതിനെ നിശേഷം നിരോധിച്ചിരിക്കുന്നു.

45. സംഘം എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുമായി യാതൊരുവിധ പണമിടപാടുകളും ചെയ്യരുതു്.

46. സംഘം അവരുടെ സംഘത്തിന്റെ കീഴിൽ വേല ചെയ്യുന്ന വല്ലയാളും അവരുടെ ലൈസൻസിലെ നിബന്ധനകളിൽ വല്ലതിനെയും ലംഘിക്കുന്നതായാൽ സംഘം—

(എ) 50 രൂപാ വരെ പിഴയോ അല്ലെങ്കിൽ

(ബി) ഡിപ്പോസിററു കെട്ടിവച്ചിട്ടുണ്ടെങ്കിൽ അതു ഇല്ലാതാകുന്നതിനും ലൈസൻസ് റദ്ദാക്കി അവരുടെ നാശനഷ്ടോത്തരവാദിത്വത്തിന്മേൽ അധികാരം വീണ്ടും വിൽക്കുകയോ മററു വിധത്തിൽ നടത്തുകയോ ചെയ്യുന്നതിനു് ബാധ്യതയോ പാത്രമാകുന്നതാകുന്നു. ലൈസൻസ് ഇപ്രകാരം റദ്ദു ചെയ്യപ്പെടുമ്പോൾ ലൈസൻസിലെ കാലാവധിയിൽ ശേഷം കാലത്തിനു് സംഘം ഇനിയും ഒടുക്കേണ്ടതായ തുക ഉടൻതന്നെ ഒടുക്കേണ്ടതായും വരും.

മേൽപറഞ്ഞ ശിക്ഷ വിധിക്കുന്നതിനു് റവന്യൂ ബോർഡിനു് അധികാരം ഉള്ളതാകുന്നു. സംഘം അവരുടെ, സംഘത്തിന്റെ കീഴിൽ വേല ചെയ്യുന്ന വല്ല ആളും അവരുടെ ലൈസൻസിലെ നിബന്ധനകളിൽ വല്ലതിനെയും ലംഘിക്കുന്നതായാൽ ഒരു പ്രാവശ്യം 25 രൂപാ വരെ പിഴ ശിക്ഷ നൽകുന്നതിനു് അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർക്കും 5 രൂപാവരെ എക്സൈസ് ഇൻസ്പെക്ടർക്കും അധികാരമുള്ളതാകുന്നു.

ഈ ഖണ്ഡം അനുസരിച്ചു്, സംഘത്തിന്റെ മേൽ വല്ല പിഴയും ചുമത്തിയിരുന്നാൽ, അതിന്റെ തുകയെ അവർ ഒടുക്കുന്നതിനു് വീഴ്ച വരുത്തുന്നതായാൽ അവരിൽ നിന്നും ചെല്ലുവാനുള്ള കിസ്തു ഒടുക്കുന്നതിനു വീഴ്ച വരുത്തിയാൽ എന്തു ഫലങ്ങൾ ഉണ്ടാകുമെന്നു് 7-ാം ഖണ്ഡത്തിൽ വിവരിച്ചിരിക്കുന്നുവോ അതുപോലുള്ള ഫലങ്ങൾ അവർക്കു് ഉണ്ടാകുന്നതാകുന്നു.

47. ഈ വ്യവസ്ഥകൾ അനുസരിച്ചു് പിഴ വിധിച്ചതുകൊണ്ടോ ഡിപ്പോസിററു കണ്ടുകെട്ടിയതുകൊണ്ടോ ലൈസൻസു് റദ്ദാക്കിയതുകൊണ്ടോ സംഘം അവരുടെ സംഘത്തിന്റെ ഏജൻറുകളോ അവരുടെ അബ്കാരി ആക്ടിനു് വിരോധമായി ചെയ്ത വല്ല പ്രത്യേക കുററത്തിനോ ഈ വ്യവസ്ഥകളുടെ വല്ല ലംഘനത്തിനോ പ്രോസിക്യൂട്ടു് ചെയ്യപ്പെടുന്നതിൽനിന്നും അവർ വിമോചനം പ്രാപിക്കുന്നതല്ല.

48. സെപ്പാററു് റവന്യൂ സംബന്ധിച്ചു് അതാതു കാലം നടപ്പുള്ള വല്ല നിയമവും അനുസരിച്ചു് സംഘത്തിനു വേണ്ടി ഉടമ്പടി ഒപ്പിടുന്നവരുടെ പേരിൽ വല്ല കുററവും സ്ഥാപനമാകയോ അങ്ങിനെയുള്ള ലൈസൻസു കൊടുക്കും മുമ്പേ അപ്രകാരമുള്ള വല്ല കുററവും മേൽപറഞ്ഞിരിക്കുന്നവരുടെ പേരിൽ സ്ഥാപനമായിട്ടുള്ളതായി അവർക്കു് ലൈസൻസു് കൊടുത്തതിൽ പിന്നീടു് അറിയുകയോ ചെയ്യുന്നതായാൽ അവരുടെ ലൈസൻസു് ഇല്ലാതായിട്ടുള്ളതായി റവന്യൂ ബോർഡിനു് പ്രഖ്യാപിക്കാം. സംഘത്തിന്റെ പേരിൽ ശിക്ഷാനിയമപ്രകാരം കുററ സ്ഥാപനം ആവുകയോ അവർക്കു് ലൈസൻസു് കൊടുക്കുംമുമ്പേ അതിനു അനന്തരം അവരുടെ പേരിൽ കുററസ്ഥാപനം ആയിട്ടുള്ളതായോ അവർക്കു് പിന്നീടു് അറിവു കിട്ടുകയോ ചെയ്യുന്നതായാൽ അവരുടെ പേരിൽ സ്ഥാപനമായ കുററമോ വെളിവാക്കപ്പെട്ട അയോഗ്യതയോ റവന്യൂ ബോർഡിന്റെ അഭിപ്രായത്തിൽ അവരെ ലൈസൻസു് വച്ചുകൊണ്ടിരിക്കുന്നതിനു് അയോഗ്യരാക്കിത്തീർക്കുന്നെങ്കിൽ ലൈസൻസു ഇല്ലാതാകുന്നതിനും സംഘത്തിന്റെ ഡിപ്പോസിററു് ഇല്ലാതാകുന്നതിനും അങ്ങിനെയുള്ള കുററസ്ഥാപനമോ അയോഗ്യതയോ ഇടയാക്കുന്നതാകുന്നു. ഈ ഖണ്ഡം അനുസരിച്ചുള്ള ഒരു ലൈസൻസു ഇല്ലാതാകുമ്പോൾ അവകാശത്തെ സംഘത്തിന്റെ നഷ്ടോത്തരവാദത്തിന്മേൽ വീണ്ടും വിൽക്കുകയോ മററു വിധത്തിൽ വിനിയോഗിക്കുകയോ ചെയ്യുന്നതാകുന്നു.

49. ഗവൺമെൻറിന്റെ അനുവാദത്തോടുകൂടി റവന്യൂ ബോർഡിനു് 15 ദിവസത്തെ മുന്നറിയിപ്പു് കൊടുത്തുകൊണ്ടു ലൈസൻസിനെ റദ്ദു് ചെയ്യാവുന്നതാകുന്നു. അങ്ങിനെ ചെയ്യുമ്പോൾ സംഘം ഒടുക്കിട്ടുള്ള ഫീസിൽ വീതപ്രകാരമുള്ള ഒരു ഭാഗത്തെ അവർക്കു് തിരികെ കൊടുക്കണം.

50. ഷാപ്പുകളുടെ ചാർജ്ജു് വഹിക്കുന്ന പ്രിവൻറീവു് ആഫീസറുടെ സ്ഥാനത്തുള്ളവരും അവരെക്കാൾ സ്ഥാനമാനം കൂടിയവരുമായ എല്ലാ എക്സൈസ് ആഫീസർമാർക്കും ലൈസൻസുള്ള പീടികകളെ പരിശോധിക്കുന്നതിനും അളവുപാത്രങ്ങളെ പരിശോധിക്കുന്നതിനും ഉപയോഗിക്കുന്ന അളവുകളെയും വിൽക്കുന്ന സാധനങ്ങളെയും പരിശോധിക്കുന്നതിനും പീടികയിൽ വച്ചിട്ടുള്ള കണക്കുകൾ വരുത്തി പരിശോധിക്കുന്നതിനും അധികാരമുണ്ടു്. പരിശോധന ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടാൽ സംഘമോ അവരുടെ ഏജൻറ വില്പനക്കാരനോ വില്പനക്കു് വച്ചിരിക്കുന്ന സാമാനം മുഴുവനും പരിശോധനക്കും അതിന്റെ തൂക്കു് തിട്ടപ്പെടുത്തുന്നതിനും എല്ലാ സൗകര്യവും നൽകുകയും ചെയ്യണം.

51. സംഘത്തിനു് ലൈസൻസുള്ള അവരുടെ വകുപ്പിൽ ഗവൺമെൻറു് അതാതുകാലം നിശ്ചയിക്കുന്ന പ്രമാണ അളവുകൾ മാത്രമേ കൈവശം വയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്യാവൂ.

52. സംഘത്തിനു് വൃക്ഷകരം ഏർപ്പാടിനെ സംബന്ധിച്ചുള്ള ചട്ടങ്ങൾ പ്രകാരം ലഭിക്കേണ്ടതായ ചെത്തു ലൈസൻസിൻപടി അവർക്കു് വില്പനക്കു് ആവശ്യമുള്ള കള്ളു് അവരുടെ പീടികകൾക്കായി അടയാളപ്പെടുത്തിയിരിക്കുന്ന വൃക്ഷങ്ങളിൽനിന്നും ഇറക്കുകയോ ഇറക്കിക്കുകയോ ചെയ്യാവുന്നതാകുന്നു. റേഞ്ചിലെ എക്സൈസ് ഇൻസ്പെക്ടറോടു് അപേക്ഷിച്ചു് ലൈസൻസിനുള്ള ഏതു കള്ളു് ഷാപ്പുകാരിൽ നിന്നും കള്ളു് സംഘത്തിനു് വിലയ്ക്കു വാങ്ങാവുന്നതാണു്. ഈ അപേക്ഷ കിട്ടിയാൽ എക്സൈസ് ഇൻസ്പെക്ടർ അതിലേക്കുള്ള ആവശ്യകതയ്ക്കു് തെളിവു കിട്ടുമ്പോൾ ആവശ്യമുള്ള പെർമിററു് കൊടുക്കേണ്ടതാകുന്നു. ഒരു ശരിയായ ഉദ്യോഗസ്ഥൻ അടയാളപ്പെടുത്തിയിട്ടുള്ളതും ഒരു ലൈസൻസു് അനുസരിച്ചു് ചെത്തുന്നതുമായ വൃക്ഷങ്ങളിൽ നിന്നും എടുത്തതല്ലാത്ത യാതൊരു കള്ളും ഷാപ്പിൽവച്ചുകൊണ്ടിരിക്കുകയോ, വിൽക്കാമെന്നു പറയുകയോ, വിൽക്കുകയോ ചെയ്തുകൂടാ.

53. സംഘം ആവശ്യപ്പെട്ടിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണം ഷാപ്പുകളിലേയ്ക്കു് യഥാർത്ഥത്തിൽ ആവശ്യമുള്ളതിനേക്കാൾ കൂടുതലാണെന്നു കാണുന്നപക്ഷം ആ ഷാപ്പുകളിലേയ്ക്കു് ലൈസൻസു നൽകുന്ന വൃക്ഷങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനു് റവന്യൂ ബോർഡിനു് അധികാരമുള്ളതാകുന്നു.

54. വൃക്ഷകരച്ചട്ടങ്ങൾ അനുസരിച്ചു് വൃക്ഷം ചെത്തുന്നതിനുള്ള ലൈസൻസു് വാങ്ങിക്കാതെ യാതൊരു സംഘവും കള്ളു വിററുകൂടാ. ചെത്തുന്നവരുമായി ഏതു വൃക്ഷത്തെയും ഉടമയുടെ സമ്മതം കൂടാതെ ഉപയോഗിക്കുന്നതിനുള്ള യാതൊരു അവകാശവും ഈ ലൈസൻസു് കൊടുക്കുന്നതല്ല. സംഘം വൃക്ഷത്തിന്റെ ഉടമസ്ഥനുമായി സ്വന്തം ഏർപ്പാടു ചെയ്തുകൊള്ളേണ്ടതാകുന്നു.

55. സംഘത്തിന്റെ അപേക്ഷയിന്മേൽ അവരുടെ പേരിലോ അവർ പേർപറഞ്ഞു നിയമിച്ചിരിക്കുന്ന ആളിന്റെ പേരിലോ ചെത്തു് ലൈസൻസിലും അതിനു് സംബന്ധിച്ച ചട്ടങ്ങളിലും വിവരിച്ചിരിക്കുന്ന നിബന്ധനകൾ അനുസരിച്ചു നൽകപ്പെട്ട ചെത്തു ലൈസൻസുകൾ വകയായി കൊടുക്കേണ്ടതായ ഫീസിന്റെ എല്ലാ തവണകൾക്കും സംഘം ഗവൺമെൻറിലേയ്ക്കു് ഉത്തരവാദിയായിരിക്കേണ്ടതാകുന്നു.

56. യാതൊരു സ്ത്രീകളെയും യാതൊരു പ്രവർത്തിക്കും പീടികകളിൽ നിറുത്തുവാൻ അനുവദിക്കുന്നതല്ല.

57. സംഘം പിൻകാലത്തു ഭേദഗതി ചെയ്യപ്പെട്ടതും 1125-ലെ 6-ാമത്തേതായ തിരുവിതാംകൂർ-കൊച്ചി സംസ്ഥാന നിയമമെന്നും പ്രായേണ അബ്കാരി ആക്ടു് എന്ന പേരിൽ അറിയപ്പെടുന്നതും ആയ 1073-ലെ 4-ാമത്തേതായ തിരുവിതാംകൂർ അബ്കാരി ആക്ടിൻ പ്രകാരം പാസ്സാക്കിയിട്ടുള്ളതും ഇനിമേൽ പാസാക്കാവുന്നതുമായ എല്ലാ ചട്ടങ്ങളും അല്ലെങ്കിൽ കള്ളു് റവന്യൂ സംബന്ധിച്ചു് ഇനിമേൽ പാസാക്കാവുന്ന ഏതെങ്കിലും നിയമവും അനുസരിക്കുവാൻ ബാധ്യസ്ഥരായിരിക്കുന്നതാണു്.

ഗവർണ്ണരുടെ ഉത്തരവിൻ പ്രകാരം,

എം. കെ. [illegible],
റവന്യൂ സിക്രട്ടറി.

ഗവൺമെൻറ് സിക്രട്ടറിയേററ്,
തിരുവനന്തപുരം,
27-2-1958.

ചേർത്തല താലൂക്ക്—കള്ള്

ചേർത്തല റേഞ്ച്

ഷാപ്പ് നമ്പർ	വില്ലേജ്	മുറി	ഷാപ്പിന്റെ പേര്	ഷാപ്പ് സ്ഥാപിക്കാനുള്ള പ്രദേശത്തിന്റെ അതിർത്തികൾ: വടക്ക്	കിഴക്ക്	തെക്ക്	പടിഞ്ഞാറ്
1	മാരാരിക്കുളം	മാരാരിക്കുളം	കുട്ടങ്കൽ	കുട്ടങ്കൽ പുരയിടത്തിന്റെ കിഴക്കേ മേക്കുള്ള തോട്	മാരാരിക്കുളം അമ്പലത്തിന്റെ കിഴക്കുവശമുള്ള തോട്	മാരാരിക്കുളം അമ്പലത്തിൽനിന്നുമുള്ള ആറാട്ടുവഴി	ആറാട്ടുനിലവും അമ്പലവും ഇടപ്പുറമ്പ
2	ടി	ടി	ഇടപ്പുറമ്പ	തയ്യിൽപുരയിടവും കപ്പുങ്ങപ്പള്ളിയും	ചെത്തിയിൽ അതിർത്തോട്	ഇടപ്പുറമ്പ പുരയിടവും കരക്കാട്ട് പുരയിടവും	സമുദ്രം
3	ടി	പെരുന്നേർമംഗലം	പൊക്കഞ്ചേരി	പെരുന്നേർമംഗലം ദേശമുക	ചേർത്തല—ആലപ്പുഴ തോട്	വാരക്കാടി അമ്പലവും പെരിയത്ത് വീടിന്റെ തെക്കുവശം കൂടി പൊഴിയിലേക്കുള്ള വഴിയും	സമുദ്രം
4	കഞ്ഞിക്കുഴി	ചാരമംഗലം	കാട്ടുവേലിക്കകം	ചേർത്തല—ആലപ്പുഴ റോഡിൽ 9-ാം മൈൽ മൂന്നാം ഫർലാംഗ് കുറ്റിയിൽനിന്നും തുടങ്ങി കിഴക്ക് പാലക്കാട്ട് കുമാരൻ ബാവ താമസിക്കുന്ന തുറവൂത്തി വീടുവരെയും പടിഞ്ഞാട്ട് ചേർത്തല—ആലപ്പുഴ തോടുവരെയും	കഞ്ഞിക്കുഴി—മുഹമ്മ റോഡിൽ ലൂതർമിഷ്യൻസ്കൂളിന്റെ പടിഞ്ഞാറുവശം തെക്കോട്ട് കിടക്കുന്നറോഡ്	ആശ്ലോട്ട് അതിർത്തിത്തോട്	ചേർത്തല—ആലപ്പുഴ തോടുമുതൽ ഇടക്ക് തെക്ക് സസ്യമാർക്കറ്റിൽ നിന്നും പടിഞ്ഞാട്ടുള്ള ഇടവഴിവരെയും ചേർത്തല—ആലപ്പുഴ റോഡും
5	തണ്ണീർമുക്കം തെക്ക്	ടി	പൊട്ടച്ചാൽ	കുറിഞ്ഞിത്തോട്	കായൽ	ഏഴകളവും സി. എം. എസ്സ്. പള്ളിയും	ആറുകപാറ പാടവും തെക്കുവശമുള്ള വെളിയും
6	ടി	ടി	മുഹമ്മ	സി. എം. എസ്സ്. പള്ളി	കായൽ	ആശ്ലോട്ട് അതിർത്തിത്തോട്	കഞ്ഞിക്കുഴി—മുഹമ്മ റോഡിൽ ലൂതർമിഷ്യൻസ്കൂളിന്റെ പടിഞ്ഞാറുവശം തെക്കോട്ട് കിടക്കുന്നറോഡ്
7	ടി	ടി	രായിപ്പുറം	പുത്തനങ്ങാടി തോട്	കായൽ	കുറിഞ്ഞിത്തോട്	ആലപ്പുഴ—തണ്ണീർമുക്കം റോഡ്
8	ടി	ടി	പുത്തനങ്ങാടി	വാരണത്തേരി കൃഷ്ണൻ [illegible] ചിറയും തോടും	ആലപ്പുഴ—തണ്ണീർമുക്കം റോഡ്	കൊച്ചുനാംകുളങ്ങര ക്ഷേത്രം	പുത്തനമ്പലത്തിന്റെ പടിഞ്ഞാറുവശമുള്ള ചെമ്പിൽതോട്

9	കഞ്ഞിക്കുഴി	ചേർത്തല	മായിത്തറ	ചേർത്തല-ആലപ്പുഴ റോഡിൽ പതിനൊന്നാം മൈലിൽനിന്നും കിഴക്കോട്ടുള്ള റോഡ്	പുത്തനമ്പലത്തിന് പടിഞ്ഞാറുവശമുള്ള ചെമ്പിൽതോട്	ആലപ്പുഴ-അരൂർറോഡിൽ 9-ാം മൈൽ 3-ാം ഫർലാംഗ് കുറ്റിയുടെ ഇടക്ക് കിഴക്കോട്ടു പാലക്കോട്ടുകരയിൽ ബാധ്യം തമരസിക്കുന്ന ഇടവഴിവിടുവരെയുള്ള ലൈൻ	ചേർത്തല-ആലപ്പുഴ റോഡ്
10	തണ്ണീർമുക്കം വടക്ക്	ശ്രീകണ്ഠമംഗലം	ശ്രീകണ്ഠമംഗലം	ചാലിൽപള്ളിയും കരിക്കാട്ടിൽ ഇല്ലവും	ആറാട്ടുവഴിയും മാന്തറയും	ആലപ്പുഴ-അരൂർ റോഡിൽ 11-ാം മൈലിൽനിന്നും തണ്ണീർമുക്കം-ചേർത്തല റോഡിൽ ചേരുന്ന ക്രാസ്സ് റോഡ്	ചാലിൽപള്ളിക്ക് പടിഞ്ഞാറുവശംകൂടി കൊടിയൻതോപ്പുവരെയുള്ള തോട്
11	തണ്ണീർമുക്കം	തണ്ണീർമുക്കം	തണ്ണീർമുക്കം	തണ്ണീർമുക്കം ക്ഷേത്രവും ബോട്ടുജട്ടിയും	കായൽ	കണ്ണങ്കര പള്ളിറോഡും കവലയും പുരയിടവും	ആറാട്ടുവഴിയും മാന്തറയും കട്ടച്ചിറ തറ
12	കൊക്കോതമംഗലം	കിഴക്കുമുറി	കൊക്കോതമംഗലം	വേമ്പനാട്ട് കായൽ	കട്ടച്ചിറ ആറ്	കട്ടച്ചിറ ആറ്	പള്ളിത്തോട് നമ്പ്യ 22/1 മുതൽ മമ്പലവെളി പണിക്കരുടെ കളിത്തട്ടുവരെയുള്ള ലൈനും ടി കളിത്തട്ടുമുതൽ വാരനാട്ട് അമ്പലംവരെയുള്ള നാട്ടുവഴിയും കട്ടച്ചിറ തോട്
13	ടി	ടി	ചെങ്ങണ്ട	ചെങ്ങണ്ട ആറ്	മമ്പലവെളി പണിക്കരുടെ കളിത്തട്ടുമുതൽ വാരനാട്ട് അമ്പലംവരെയുള്ള നാട്ടുവഴി	തണ്ണീർമുക്കത്തേക്കുള്ള പബ്ലിക് റോഡ്	
14	ടി	ടി	ചക്കക്കുളങ്ങര	ചേർത്തല-തണ്ണീർമുക്കം റോഡ്	മണവേലിവീടും കണ്ണാട്ടുതറി ഇല്ലവും	കളരിക്കൽ പണിക്കരുടെ കളിത്തട്ടും ഇടയന്മറവും	പാലക്കുന്നത്ത് പടിഞ്ഞാറുവശമുള്ള റോഡ്
15	ടി	ടി	തെക്കേക്കോട്	മണവേലിവീടും മമ്പലവെളി വീടും	ചാലിൽപള്ളിയുടെ പടിഞ്ഞാറുവശംകൂടി തെക്കോട്ടുള്ള തോട്	തെക്കേക്കോട് വീട്ടിനു തെക്കുവശംകൂടിയുള്ള തണ്ണീർമുക്കത്തുനിന്നും ചേർത്തലക്കുള്ള അതിർത്തി ഇടവഴി	മണവേലിവീടും നമ്പ്യപ്പള്ളി വീടും
16	ചേർത്തല തെക്ക്	തെക്കുമുറി	ഇടക്കിടം	വെങ്കടേശ്വരപ്രഭുവിന്റെ തെരുവിൽനിന്ന് തെക്കുവശമുള്ള പബ്ലിക്റോഡ്	ചേർത്തല-ആലപ്പുഴ റോഡ്	പനയ്ക്കവീടും കണ്ണാട്ടുചികിത്സാലയവും	കറപ്പൻകുളത്തിൽനിന്നും കണിച്ചുകുളങ്ങരയ്ക്കുള്ള റോഡ്
17	ടി	ടി	പുതിയകോട്ടക്കാരം	തൈതറവീടും അതിർത്തിത്തോടും	കറപ്പൻകുളത്തിൽനിന്നും കണിച്ചുകുളങ്ങരയ്ക്കുള്ള റോഡ്	അറനൂറ്റിക്കൽ അതിർത്തിതോട്	കരിപ്പുള്ളിയുടെ കിഴക്കുവശമുള്ള നാട്ടുതോട്
18	ടി	ടി	തയ്യിൽഭാഗം	അരിപ്പറമ്പ് കളിത്തട്ടിൽനിന്നും തെക്കോട്ട് കണിച്ചുകുളങ്ങരയ്ക്കുള്ള റോഡിൽ 2-ാം, 3-ാം മൈൽക്കുറ്റികൾക്കു മദ്ധ്യത്തിലുള്ള 4-ാം ഫർലാംഗ് കുറ്റിയും, തെക്കേക്കരി പ്രവൃത്തിക്കച്ചേരിക്കു തെക്കുവശമുള്ള കണ്ടനാട്ടുവീട്ടിൽ വേലായുധൻ വൈദ്യരുടെ വീട്	മീൻകുഴിപാടം	പെരുന്നേർമംഗലം ദേശ എല്ലക.	അരിപ്പറമ്പ് കളിത്തട്ടിനു തെക്കോട്ടുള്ള റോഡ്
9	ടി	ടി	കോന്നൻ കോട്ടഭാഗം	അറനൂറ്റിക്കൽ അതിർത്തിതോട്	അരിപ്പറമ്പ് കളിത്തട്ടിനു സമീപം തെക്കോട്ട് പെരുന്നേർമംഗലം അതിർത്തിതോടുവരെയുള്ള റോഡ്	പെരുന്നേർമംഗലം കരയുടെ വടക്കേ ദേശ എല്ലക	പാതിരാസായിപ്പുവക വെളി

ചേർത്തല താലൂക്ക് — കള്ള് — (തുടർച്ച)

ചേർത്തല റേഞ്ച് — (തുടർച്ച)

ക്രമ നമ്പർ	വില്ലേജ്	മുറി	ഷാപ്പിന്റെ പേര്	ഷാപ്പ് സ്ഥാപിക്കാനുള്ള പ്രദേശത്തിന്റെ അതിർത്തികൾ: വടക്ക്	കിഴക്ക്	തെക്ക്	പടിഞ്ഞാറ്
20	ചേർത്തല തെക്ക്	തെക്കുമുറി	ചേന്നവേലി	ചേന്നവേലി തോട്	ചേന്നവേലി തോട്	പള്ളാശ്ശേരി പുരയിടവും തെക്കേ തയ്യിൽ കടപ്പുറവും	സമുദ്രം
21	ടി	ടി	പൂങ്കാവിൽ	ആറാട്ടുകുളം പള്ളിയിൽനിന്നും സമുദ്രത്തിലേക്കുള്ള റോഡ്	വളപ്പിൽ ചിറയുടെ പടിഞ്ഞാറുവശത്തുകൂടി തെക്ക് വടക്കുള്ള നാട്ടുതോട്	കോയിപ്പറമ്പിൽ വാവയുടെ വീടും അരശേരി പടിഞ്ഞാറേ വീടും	സമുദ്രം
22	ചേർത്തല വടക്ക്	വടക്കുമുറി	[illegible] പറമ്പ്	[illegible] സ്കൂളിന്റെ വടക്കുവശംകൂടി പടിഞ്ഞാറോട്ട് കിടക്കുന്ന നാട്ടുവഴി	[illegible]പറമ്പിൽ കിഴക്കുവശത്തുള്ള ചാല്	അറവുകാട്ട് ക്ഷേത്രം	സമുദ്രം
23	ടി	ടി	ഇല്ലിക്കലക്കര	മുട്ടത്തങ്ങാടിയിൽ നിന്നും അർത്തുങ്കലേക്കുള്ള റോഡ്	ചേർത്തല അർത്തുങ്കൽ റോഡിൽ നിന്നും കപ്പൻകുളങ്ങരയ്ക്കുള്ള റോഡ്	കപ്പൻകുളങ്ങര പള്ളിക്കൂടവും കിഴക്കേൽ പബ്ലിക് റോഡും	ചേർത്തല-അർത്തുങ്കൽ റോഡിൽ 2-ാം മൈൽക്കുറ്റിക്ക് തെക്കുള്ള പാടം
24	ടി	ടി	പൊള്ളയിൽ	കുന്നേൽകര വീടും മണ്ണാറൻചാലയിൽ വീടും	ഇടവേലിൽ തോട്	മുട്ടത്തങ്ങാടി തെക്കേ കരിങ്ങിൽ നിന്നും കപ്പക്കുളങ്ങരയ്ക്കുള്ള റോഡ്.	ചേർത്തല-അർത്തുങ്കൽ റോഡിൽ നിന്നും കപ്പക്കുളങ്ങരയ്ക്കുള്ള റോഡ്
25	ടി	ടി	മുട്ടത്തങ്ങാടി തെക്ക്	ചേർത്തല മുട്ടത്തങ്ങാടിയും മത്സ്യച്ചന്തയും പരത്തിപ്പറമ്പും പുരയിടവും നിലവും	ചേർത്തല പുത്തൻതോട്	ചീനാതോട്	ഇടവേലിൽ തോട്
26	ടി	ടി	ചേർത്തല ടൗൺ	ഇരുത്തിക്കാട്ടുവീടും നെടുമ്പ്രക്കാട്ട് വി. പി. സ്കൂളും	മാലിച്ചിറ തോടും ചെങ്ങണ്ടയ്ക്കുള്ള റോഡും	ചേർത്തല-തണ്ണീർമുക്കം റോഡ്	പുത്തൻ തോടും കായലും
27	ടി	ടി	മുട്ടത്തങ്ങാടി വടക്ക്	വേളോർവട്ടം കായലും ഉഴവ-ചേർത്തല അതിർത്തിയും	പുത്തൻതോട്	ചേർത്തല-അരൂർ റോഡ്	റെയിൽവേ സ്റ്റേഷൻ
28	വയലാർ കിഴക്ക്	ഉഴവ	കളവംകോട്	വേലപ്പൻതോട്	പല്ലൻചിറ തുരുത്തിവളവും കായലും	ഉഴവ-ചേർത്തല അതിർത്തിതോട്	ചേർത്തല-അരൂർ റോഡ്
29	ടി	ടി	ഉഴവ	ചേർത്തല-അരൂർ റോഡിൽ നിന്നും കിഴക്കോട്ട് വയലാറ്റിലേക്കുള്ള റോഡ്	ചാത്തൻചിറ പാടത്തിന്റെ നടുക്കുള്ള തെക്കുവടക്കുള്ള നാട്ടുതോട്	വേലപ്പൻതോടും കരപ്പുറം മിഷ്യൻ ആശുപത്രിയും	കരപ്പുറം മിഷ്യൻ ആശുപത്രിയും പബ്ലിക് റോഡും
30	ടി	ടി	[illegible]പുരം	മുഹമ്മദലിയ പള്ളിയും പുത്തൻതറ വീടും	വല്ലൻതുരുത്തിന്റെ പടിഞ്ഞാറുവശവും വടക്കുവശവുംകൂടി കിടക്കുന്ന വയലാർ കായൽ	മുട്ടു കായൽ	ചാത്തൻചിറ നാട്ടുതോട്

31	വയലാർ കിഴക്ക്	ഉഴുവ	ഉളതല	കായൽപള്ളിച്ചാൽ	മനയ്ക്കച്ചിറ	ഉളതലയും പടേക്കാട്ടും ചേർന്നു കിടക്കുന്ന കടയനാട്ടു ...ന്നപ്പിള്ളിവക പൊക്കാവലിത്തോട്	മാലി തോട്
32	വയലാർ കിഴക്ക്	വയലാർ	വാവക്കാട്	കട്ടൻ ചാലിൽ നിന്നും കിഴക്കോട്ട് വയലാർ കായലിലേയ്ക്കുള്ള തെക്കേവഴി	വയലാർ കായലിന്റെ വടക്കേ അറ്റം	കേളമംഗലത്തുകാരുടെ തെക്കേ പുരയിടവും	മനക്കായൽ
33	വയലാർ തെക്ക്	കടക്കരപ്പള്ളി	പണ്ടകശാല	ഇല്ലാരിയാസ്സ് താമസിക്കുന്ന പാണ്ട്യാലക്കൽ പുരയിടവും ചടയൻ ...വക കരിനിലവും	വിഷ്ണുതോട്	ഉഴുവിപുരയിടവും തോടും	സമുദ്രം
34	ടി	ടി	കരിയാം ചാരി	വലിയ വീട്ടിൽ പുരയിടവും തോടും	അന്ധകാരനഴിയിൽ നിന്നും ആറാട്ടുകുളങ്ങര ചാല്	പാണ്ട്യാലക്കൽ പോക്കരിമേനോൻ വക വീടും പരമേശ്വര വക വീടും	സമുദ്രം
35	ടി	ടി	കടക്കരപ്പള്ളി ചന്ത	ചെങ്ങണ്ടേഴത്തു വീട്, വേലായുധൻ വീട്	തയ്യിൽ മഠവും രാമനാട്ട് മഠവും	മന്ത്രാണ്ടച്ചേരി തോട്	പാലിച്ചേരി വീടും വടക്കുള്ള പാടവും
36	ടി	ടി	പട്ടണക്കാട്	പൊന്നാംവെളിപ്പുത്തൻതോട്	മാലിതോട്	പതിയകാവു ക്ഷേത്രവും വാര്യാട്ട് ...ണ്ണിയുടെ വീടും	വാര്യാട്ട് വീടും ഇലഞ്ഞിത്തറ മാമ്മച്ചൻ...
37	ടി	പട്ടണക്കാട്	ആനക്കാട്ടിൽ ഭാഗം	പുത്തൻതോട്	കോനാകുളങ്ങര ക്ഷേത്രത്തിന്റെ കിഴക്കുവശം കൂടി തുറവൂരേയ്ക്കുള്ള നാട്ടുവഴി	വളരാന പുരയിടവും ഇലഞ്ഞിത്തറ മാത്തുണ്ണി താമസിക്കുന്ന പുരയിടവും	തൈലങ്കൽ പാടത്തിന്റെ കിഴക്കുവശം തെക്കുവടക്ക് കിടക്കുന്ന നാട്ടുതോട്
38	ടി	ഉഴുവ	പോളക്കൽ	പൊന്നാംവെളി പുത്തൻ തോട്ടുമുഖപ്പിൽനിന്നും കടൽക്കരയിലേയ്ക്കുള്ള നാട്ടുവഴി	കമ്പോളത്തിന്റെ കിഴക്കുവശമുള്ള ചാൽ	കമ്പോളത്തിലുള്ള പോളക്കൽ പുരയിടവും കടപ്പുറത്തുള്ള പോളക്കൽ വക പീടികയും	സമുദ്രം
39	ടി	ടി	കോനാട്ടുശ്ശേരി	പൊന്നാംവെളി പുത്തൻതോട്	തൈലങ്കൽ പാടത്തിന്റെ തെക്കുകിഴക്കുവശം കിടക്കുന്ന നാട്ടുതോട്	കോട്ടമുപ്പാട്ട് ചിറയും താന്നിക്കൽ വീടും കാവും	വെട്ടക്കൽ തെക്കേപ്പുറം പാടം
40	പള്ളിപ്പുറം	ചേന്നൻ പള്ളിപ്പുറം	വല്യകൽചിറ	മുണ്ടംതോട്	...ചിട്ടിന്റെ കിഴക്കുവശം ചെങ്ങണ്ടയ്ക്കുള്ള നാട്ടുവഴി	കേളമംഗലത്തു കടവ്	വയലാർ കായൽ
41	ടി	ടി	കറുകവേലിത്തറ	കാവൻതോട്	അരൂക്കുറ്റി-ചെങ്ങണ്ട റോഡ്	ചെങ്ങണ്ട കായൽ	...കായൽ
42	ടി	ടി	തവണക്കടവ്	പള്ളിപ്പുറം പള്ളിയും കിഴക്കു പടിഞ്ഞാറുള്ള വഴിയും കളത്തിൽ ക്ഷേത്രവും	വേമ്പനാട്ടുകായൽ	കാവൻതോടും കലുങ്കും	കളത്തിൽ ക്ഷേത്രത്തിന്റെ ...വശം കിഴക്കൻ തോട്
43	തൈക്കാട്ടുശ്ശേരി	നടുഭാഗം	മാക്കേക്കടവ്	...ളോമത്ത പള്ളിയിൽ നിന്നും അരൂക്കുറ്റി-ചെങ്ങണ്ട റോഡിലേയ്ക്കുള്ള വഴി	വേമ്പനാട്ടുകായൽ	പള്ളിപ്പുറം പള്ളിയും കിഴക്കു പടിഞ്ഞാറോട്ടുള്ള വഴിയും	അരൂക്കുറ്റി-ചെങ്ങണ്ട പബ്ലിക് റോഡിന്റെ പടിഞ്ഞാറുവശമുള്ള കടവുമട്ടിച്ചിറ
44	ടി	ടി	തൈക്കാട്ടുശ്ശേരി	ചെങ്ങണ്ട പടിഞ്ഞാറെ നാട്ടുവഴിയിൽനിന്നും തൈക്കാട്ടുശ്ശേരി പള്ളിക്കടവിലേയ്ക്കുള്ള നാട്ടുവഴി	ചെങ്ങണ്ട പടിഞ്ഞാറെ നാട്ടുവഴി	മുണ്ടംതോട്	തൈക്കാട്ടുശ്ശേരി കായൽ
45	തൈക്കാട്ടുശ്ശേരി	നടുഭാഗം	മണപ്പള്ളി	പൂച്ചാക്കൽ തോട്	ചെങ്ങണ്ടനിന്നും അരൂക്കുറ്റിക്കുള്ള തേവർവട്ടത്തിന്റെ കിഴക്കുവശമുള്ള ...നാട്ടുവഴി	തൈക്കാട്ടുകൽ അമ്പലത്തിന്റെ വടക്കുവശം കൂടി പെരുമ്പളത്തേയ്ക്കു കടവിലേയ്ക്കുള്ള വഴി	തൈക്കാട്ടുശ്ശേരി കായൽ

അമ്പലപ്പുഴ താലൂക്ക്—കള്ള്

ആലപ്പുഴ റേഞ്ച്

നമ്പർ	വില്ലേജ്	മുറി	ഷാപ്പിന്റെ പേര്	ഷാപ്പ് സ്ഥാപിക്കാവുന്ന പ്രദേശത്തിന്റെ അതിർത്തികൾ: വടക്ക്	കിഴക്ക്	തെക്ക്	പടിഞ്ഞാറ്
1	ആര്യാട് തെക്ക്	തെക്കനാര്യാട്	വാടയിറമ്പ്	ആറാട്ടുവഴി	ശവക്കോട്ടപ്പാലംമുതൽ വടക്കോട്ടുള്ള റോഡ്	കല്ലൻറോഡ്	കടപ്പുറം (ആലപ്പുഴ വഴിയിലും ഷാപ്പ് സ്ഥാപിക്കാം)
2	ടി	ടി	കിടങ്ങാംപറമ്പ്	ചുടുകാട് റോഡും ആര്യാടുതെക്ക് പ്രവൃത്തിക്കച്ചേരിയുടെ വടക്കുവശംകൂടി കിഴക്കോട്ട് പോകുന്ന റോഡും	തത്തംപള്ളി കായൽ	വാടത്തോട്	വഴിച്ചേരി റോഡും തുടർന്നുള്ള ആറാട്ടുവഴിയും പിയേഴ്സ് ലെസ്ലി കമ്പനിക്ക് പടിഞ്ഞാറോട്ടുള്ള ഇടവഴി, തത്തംപള്ളി റോഡ് വരെയും
3	ആലപ്പുഴ	ആലപ്പുഴ	മീൻതെരുവ്	ആറാട്ടുവഴി	ഇരുമ്പുപാലത്തിൽനിന്നും വാടത്തോടത്ത ലെസ്ലി റോഡ് ആറാട്ടുവഴിവരെ	ആലപ്പുഴ കമേഴ്സ്യൽ കനാൽ	കണ്ണൻവർക്കിപാലത്തിൽനിന്നും വടക്കോട്ടുള്ള റോഡ് ആറാട്ടുവഴി വരെ
4	ടി	ടി	മുല്ലക്കട	വാടത്തോടും	പള്ളാത്തുരുത്തി ആറ്	കൊട്ടാരപ്പാലവും കിഴക്കോട്ടുള്ള തോടും	കല്ലുപാലത്തിൽനിന്നും കിഴക്കോട്ടുള്ള റോഡ്
5	ടി	ടി	ഷഡ്മണി	കൊട്ടാരം ആശുപത്രിയിൽനിന്നും പടിഞ്ഞാറോട്ട് ബീച്ചിലേക്കുള്ള റോഡ് (റോഡിന് തെക്ക് വടക്കുവശം ഷാപ്പ് സ്ഥാപിക്കാം)	കൊട്ടാരം റോഡിൽനിന്നും തെക്കോട്ട്—പിഷാൻ കാട്ട് ലെയിനും ഇടവഴി മയ്യനാട്ട് കൊങ്ങിണി ചുടുകാടിന് തെക്കുപടിഞ്ഞാറുവശംകൂടി തെക്കോട്ട് തിരുവമ്പാടി പുലയൻവഴി റോഡുവഴിവരെ	പാലം കവലയിൽനിന്നും പടിഞ്ഞാറോട്ട് പുലയൻവഴി റോഡ്	മുസ്ലീം ഹൈസ്കൂൾ ജംഗ്ഷനിൽനിന്നും തെക്കോട്ടുള്ള റോഡ്
6	ടി	ടി	അഴീക്കൽ	പകയിൽ പണ്ടകശാലയുടെ തെക്കുപടിഞ്ഞാറുള്ള പാലം മുതൽ ചാവക്കയുടെ വടക്ക് കൂടിയുള്ള റോഡ്	ഇക്കൽ യാഗബസാറിൽനിന്നും വടക്കോട്ടുള്ള വട്ടപ്പള്ളി റോഡും തെക്ക് പുലയൻവഴി റോഡുവരെ	പുലയൻവഴി റോഡ് മുതൽ സമുദ്രംവരെ	സമുദ്രം
7	ടി	വാടയ്ക്കൽ	പുലയൻവഴി	പുലയൻ വഴിയിൽ കൂടി പടിഞ്ഞാറോട്ടുള്ള നടവഴിയും ഷെഡ്ഡുകളടക്കം	പുലയൻവഴി കവലയിൽനിന്നും തെക്കോട്ടുള്ള റോഡും തുടർന്ന് തെക്ക് കൊച്ചുപറമ്പിൽ പുരയിടത്തിന്റെ വടക്കുവശമുള്ള കീഴ്മേൽ തോട് വരെ	കൊച്ചുപറമ്പു പുരയിടത്തിന്റെ വടക്കുവശംകൂടി പടിഞ്ഞാറുള്ള തോട്ടിൽനിന്നും തുടർന്ന് പടിഞ്ഞാറ സമുദ്രംവരെ	സമുദ്രം
8	ടി	ആലപ്പുഴ	തിരുവമ്പാടി	ആലപ്പുഴ-അമ്പലപ്പുഴ റോഡിൽനിന്നും കിഴക്കോട്ട് ആലപ്പുഴ തിരുവമ്പാടി അതിർത്തി തിരിച്ചിരിക്കുന്ന ചന്ദനക്കാവിൽ തോട് (തോടിന് തെക്ക് വടക്കുവശം ഷാപ്പ് സ്ഥാപിക്കാം)	ആലപ്പുഴ—അമ്പലപ്പുഴ തോട്	ആലപ്പുഴ—അമ്പലപ്പുഴ തോട്ടിൽനിന്നും കാളാത്ത് വടക്കുവശം കൂടി കിഴക്കോട്ടുള്ള ചന്ദനാശേരി റോഡ്	ആലപ്പുഴ—അമ്പലപ്പുഴ റോഡ് (റോഡിന് തെക്ക് പടിഞ്ഞാറ് ഷാപ്പ് സ്ഥാപിക്കാം)
9	ടി	വാടയ്ക്കൽ	വാടയ്ക്കൽ	വാടപ്പൊഴി	വിരിപ്പുപാടം	അറപ്പപൊഴിക്കു തെക്ക് കിഴക്ക് വിരിപ്പ് പാടംവരെ	സമുദ്രം

10	ടി	കല്ലൂർക്കോട്	കല്ലൂർക്കോട്	ആലപ്പുഴ—അമ്പലപ്പുഴ റോഡിൽ നിന്നും കാമ്പേലിന് വടക്കുവശം കൂടി കിഴക്കോട്ടുള്ള ചങ്ങനാശ്ശേരി റോഡ്	ആലപ്പുഴ—അമ്പലപ്പുഴ തോട്	ആലപ്പുഴ റോഡിൽനിന്നും കിഴക്കോട്ട് അമ്പലപ്പുഴതോട്ടിൽ ചേരുന്ന മറ്റൊരു തോട്	അമ്പലപ്പുഴതോട് (റോഡ് രണ്ടുവശവും ചാപ്പ സ്ഥാപിക്കാം) എസ്. ഡി. കാളേജിന്റെ തെക്കേലാം ഗേറ്റുകളിൽ ചാപ്പ സ്ഥാപിക്കണം.
11	പുന്നപ്ര	പുന്നപ്ര	പുന്നപ്രചന്ത	വെണ്ടാട്ട കളിത്തട്ടിന് കിഴക്കുവശം പടിഞ്ഞാറായി കിടക്കുന്ന ഇടവഴി	അമ്പലപ്പുഴയ്ക്കുള്ള നാട്ടുതോട്	ആശാരിപ്പറമ്പുപുരയിടത്തിന്റെ തെക്കുവടക്ക് നാരായണപുരം വിളിച്ചുവരുന്ന നാട്ടുതോട്	അമ്പലപ്പുഴ റോഡ്
12	ടി	ടി	പുന്നപ്ര പടിഞ്ഞാറേഭാഗം	പുന്നക്കൽ അന്ത്രുകുഞ്ഞുവക പുരയിടം, ശലമോൻ ലൂസിഞ്ഞ വക പുരയിടം, ഇത്തക്കകൾ വിരിപ്പുപാടംവരെ	വിരിപ്പുപാടം	ചാവക്കാട്ടുപൊഴി	സമുദ്രം
13	പുന്നപ്ര	പറവൂർ	പറവൂർ ചന്ത	അമ്പലപ്പുള്ളി തോട്	അമ്പലപ്പുഴ തോട്	പാട്ടുകുളങ്ങ്‌സ്'ന്റെ വടക്കുവശം കൂടി കിഴക്ക് അമ്പലപ്പുഴതോട്ടിൽ ചേരുന്ന കൊപ്പാരി റോഡ്	അമ്പലപ്പുഴ റോഡ്
14	ആര്യാട് തെക്ക്	തെക്കനാര്യാട്	അവലൂക്കുന്ന്	ആലപ്പുഴ കോമളപുരം റോഡിൽനിന്നും കിഴക്കോട്ട് കണ്ണാട്ടുവിളിന വടക്കുവശമുള്ള കുളത്തിന്റെ അടുത്തുകൂടി കിഴക്കോട്ടുള്ള പനിയനാട്ട് തിയാട്ടുതോട് [വഴി]	കരുമാകാപാടം	പ്രവർത്തിക്കച്ചേരിക്ക് വടക്കുവശമുള്ള കിഴ്മേൽ ഇടവഴി	വെളിച്ചപ്പാട്ടുതയ്യിൽ പടിഞ്ഞാറുവശം കൂടിയുള്ള നാട്ടുവഴി
15	ടി	ടി	പുന്നമട		പള്ളാത്തുരുത്തി ആറ്	മുപ്പതിൽചിറ സ്കൂളിൽ കിഴക്കോട്ടുള്ള പുരയിടങ്ങളും അമ്മൻകോവിലിന്റെ കിഴക്കുവശമുള്ള ഇടവഴിയും	തത്തംപള്ളി കരിഞ്ഞപള്ളിക്ക് വടക്കുവശംകൂടി ചെലിക്കുളങ്ങര അമ്മൻകോവിലിന്റെ കിഴക്കുവശംകൂടി വിയാട്ടുതോട്ടിലേക്കുള്ള ഇടവഴി
16	ടി	ടി	കോമളപുരം വെല വെളി	കവന്തല രാമപ്പണിക്കർവക കളിത്തട്ടിന് കിഴക്ക് കായൽവരെ	വേമ്പനാട്ടുകായൽ	കൈതക്കുളങ്ങരവഴി	ഇരുമ്പുഞ്ചേരിയുള്ള റോഡ്
17	ടി	ടി	വളഞ്ഞവഴി	വലിയകുലവൂർ അമ്പലത്തിൽനിന്ന് കിഴക്ക് ഞാനകാവില വിട്ടുവടക്കിലേക്ക് കൈതത്തിൽ നാട്ടുവഴിവരെ	കൈതത്തിൽ അമ്പലത്തിന് കിഴക്കുവശമുള്ള ഇടവഴി	കിഴക്കുപടിഞ്ഞാറായി കിടക്കുന്ന വളഞ്ഞവഴി	ആലപ്പുഴ ചേർത്തല റോഡ് (ആര്യാട് തെക്ക് വില്ലേജിൽ തെക്കനാര്യാട്ടു മുറിയിൽ മാത്രമേ ചാപ്പ സ്ഥാപിക്കാവൂ) എന്നാൽ തെക്കനാര്യാട്ടുമുറിയിൽ തെക്ക് ... വക തെക്കേത്തയ്യിൽ പുരയിടത്തിലോ തെക്കേ ... കിഴക്ക് പടിഞ്ഞാറായി കിടക്കുന്ന വളഞ്ഞവഴിയോട് ചേർന്ന് ചാപ്പ സ്ഥാപിക്കാൻ പാടില്ലാത്തതും ആകുന്നു.
18	ടി	ടി	പാതിരപ്പള്ളി	വളഞ്ഞവഴിയും കിഴക്കോട്ടുള്ള പുരയിടങ്ങളും	കൈതത്തിൽ അമ്പലത്തിന് കിഴക്കോട്ട് തെക്കുവടക്ക് ഇടവഴി	പുളിക്കാട്ടുതോട്	...തോട്
19	ടി	തുമ്പോളി	തുമ്പോളി	തിയ്യശ്ശേരി പൊഴിയിൽ നിന്നും കിഴക്കോട്ടുള്ള തിരുമല നാട്ടുവഴി വരെ	തിരുമല അമ്പലത്തിന് കിഴക്കുവശമുള്ള നാട്ടുവഴി	തുമ്പോളി പൊഴി	സമുദ്രം
20	ടി	തുമ്പോളി കിഴക്ക്	തുമ്പോളി കിഴക്ക്	സർക്കാർ പുറംപോക്ക് കുളത്തിനും വള്ളിശ്ശേരിവക പുരയിടത്തിനും കിഴക്കു പടിഞ്ഞാറ്, കരയിൽ വേലൻ പപ്പുവക പുരയിടം	ആലപ്പുഴ ചേർത്തല റോഡ് (പടിഞ്ഞാറുവശം സ്ഥലം കിട്ടാത്തപക്ഷം ചാപ്പ കിഴക്കുവശം സ്ഥാപിക്കണം)	തുമ്പോളി റോഡ്	തിരുമല അമ്പലത്തിന് കിഴക്കുവശമുള്ള നാട്ടുവഴി

ആലപ്പുഴ ഡിവിഷൻ—കള്ള്—(തുടർച്ച)

ആലപ്പുഴ റേഞ്ച്—(തുടർച്ച)

ക്രമ നമ്പർ	വില്ലേജ്	മുറി	ഷാപ്പിന്റെ പേര്	ഷാപ്പു സ്ഥാപിക്കാനുള്ള പ്രദേശത്തിന്റെ അതിരുകൾ: വടക്ക്	കിഴക്ക്	തെക്ക്	പടിഞ്ഞാറ്
21	ആര്യാട് തെക്ക്	കഞ്ഞിരംചിറ	[illegible]	തിരുമലശേരി അമ്പലത്തിന്റെ തെക്കുവശം കിഴക്കുപടിഞ്ഞാറുള്ള തോട്	തിരുമലശേരി അമ്പലത്തിന് കിഴക്കുവശമുള്ള നാട്ടുവഴി	കഞ്ഞിരംചിറ ഗ്രാൻഡ് പള്ളിക്കടവിന്റെ തെക്കുവശം കിഴക്കു പടിഞ്ഞാറുള്ള റോഡ്	ഇരമ്പാഴിയിൽനിന്നും തെക്കോട്ടുള്ള നാട്ടുവഴി
22	ടി	ടി	വളഞ്ഞ റോഡ്	കാട്ടുങ്കൽവക നിലത്തിന്റെ വടക്കുവശംകൂടി പടിഞ്ഞാറോട്ടുള്ള തോട്	പോളതോട്	അരയശേരി പുരയിടവും അതിന്റെ തുടർ കിഴക്കും പടിഞ്ഞാറുമുള്ള പുരയിടങ്ങൾ	തൊപ്പിൽ മീരാൻബാവ താമസിക്കുന്ന പുരയിടവും അതിനടുത്തും വടക്കുമുള്ള പുരയിടങ്ങളും
23	ആര്യാട് വടക്ക്	വടക്കനാര്യാട്	കായൽചിറ	കണ്ണൂർ അമ്പലത്തിൽ നിന്നും തെക്കുപടിഞ്ഞാറ് കുന്നപ്പള്ളിക്കൽ പുരയിടം വരെ (അമ്പലത്തിന് 4 ഫർലാംഗ് തെക്ക് ഷാപ്പു സ്ഥാപിക്കണം)	വേമ്പനാട്ടുകായൽ	പുരയിടങ്ങൾ മടയാംതോട്	കുന്നംപള്ളിക്കൽ പുരയിടത്തിനും തുടക്കത്തിൽ മടയാംതോടുവരെ
24	ടി	മണ്ണഞ്ചേരി	മണ്ണഞ്ചേരി	മണ്ണഞ്ചേരി അങ്ങാടിയിൽനിന്നും കലവൂർ അങ്ങാടിയിലേക്കുള്ള റോഡ്	ടി	കണ്ണൂർ അമ്പലത്തിൽ നിന്നും തെക്കുപടിഞ്ഞാറ് കുന്നംപള്ളിക്കൽ പുരയിടംവരെ (അമ്പലത്തിന് 4 ഫർലാംഗ് വടക്ക് മാറി ഷാപ്പു സ്ഥാപിക്കണം)	വൈശ്യക്കുപള്ളി നിലം
25	ടി	വടക്കനാര്യാട്	കലവൂർ അങ്ങാടി	ചെട്ടികാട് കടവന്താരടെ അമ്പലം മുതൽ തെക്കുപടിഞ്ഞാറ് കയറി റോഡിലുള്ള കലുങ്കുവരെ	കോവിലകംവരെയും വെളിയമ്പ് പുരയിടങ്ങളും തൈത്തറ ചേരി വക നിലങ്ങളും	വലിയ കലവൂർ കളിത്തട്ട് മുതൽ കിഴക്ക് വേഴപ്പള്ളി പുരയിടം വരെ	ആലപ്പുഴ ചേർത്തല റോഡ് (ക്ഷേത്രത്തിൽനിന്നും പള്ളിക്കൂടത്തിൽനിന്നും ഒരു ഫർലാംഗ് അകലത്തിനകത്ത് ഷാപ്പ് സ്ഥാപിച്ചുകൂടാ)
26	ടി	പെരുന്തുരുത്തി	കാവുങ്കൽ	മൂക്കനാംവഴി തോട്	വേമ്പനാട്ടുകായൽ	വല്യകമ്മത്തര പുരയിടങ്ങളും തുടർ കിഴക്കു പടിഞ്ഞാറു തോട്	നെല്ലിക്കപ്പള്ളിത്തോടും തൊട്ടടുത്ത പുരയിടങ്ങളും
27	മാരാരിക്കുളം തെക്ക്	കാട്ടൂർ	[illegible]	ആറാക്കാട്ട് വിട്ടുമുതൽ കയിനോഴുവരെ (ഷാപ്പ് കലവൂർ അങ്ങാടിയിൽനിന്നും ആറ് ഫർലാംഗ് മാറി സ്ഥാപിക്കണം)	ആലപ്പുഴ ചേർത്തല റോഡ്	മൂന്നാംകൈതൽക്കാറിയുടെ വടക്കുവശം നാലാമത്തെ ഫർലാംഗ് കല്ലിന്റെ തെക്കുപടിഞ്ഞാറോട്ടുള്ള കരവട്ടം കിഴക്കുവശമുള്ള തോട്	കരവട്ടുംതോട്
28	ടി	ടി	വളവനാട്ട് ഭാഗം	നല്ലൂർ വിട്ടിൽ തോട്ടം കല്ലുപാലവും	ടി	കലവൂർ അങ്ങാടിയിൽ നിന്നും പടിഞ്ഞാറോട്ടുള്ള നാട്ടുവഴി (ഷാപ്പ് ആറാമത്തെ ഫർലാംഗ് കല്ലിന് വടക്കുവശം സ്ഥാപിക്കണം)	മാരാരിക്കുളം ക്ഷേത്രത്തിൽനിന്നും പരുത്തയിൽ പാടത്തിന്റെ പടിഞ്ഞാറുവശംകൂടി കാട്ടൂരുള്ള ഇടവഴി

29	ടി	ടി	ചള്ളിയിൽ	ചള്ളിയിൽ പറമ്പിടത്തിന്റെ തെക്ക് കിഴക്ക് പുന്നയ്ക്കൽ പറമ്പിടം വരെ	മാരാരിക്കുളം ക്ഷേത്രത്തിൽ നിന്നും പുനത്തിൽ പാടത്തിന് പടിഞ്ഞാറുവശം കൂടി കാട്ടുക്കുള ഇടവഴി	കാട്ടുക്കുള ഇടവഴിയിൽനിന്നും പടിഞ്ഞാറ് [illegible] വലിയതോട് മുതൽ തെക്ക് പടിഞ്ഞാറ് സമുദ്രം വരെ	സമുദ്രം
30	മാരാരിക്കുളം	കാട്ടൂർ	[illegible]യിൽ	കാട്ടുക്കുള വഴിയിൽനിന്നും പടിഞ്ഞാറോട്ട് [illegible]. തെക്ക് വലിയതോട് മുതൽ പടിഞ്ഞാറ് സമുദ്രം വരെ	മാരാരിക്കുളം ക്ഷേത്രത്തിൽ നിന്നും പുനത്തിൽ പാടത്തിന് പടിഞ്ഞാറുവശം കാട്ടുക്കുള ഇടവഴി	ഉമ്മിണിശ്ശേരി പറമ്പിടത്തിന് തെക്ക് വടക്കായി കിടക്കുന്ന കിഴക്ക് പടിഞ്ഞാറുള്ള വഴി	സമുദ്രം
31	ടി	ടി	[illegible]	[illegible] ചള്ളിയിൽനിന്നും പടിഞ്ഞാറോട്ട് വഴിയും പള്ളിക്ക് [illegible] ഉമ്മിണിശ്ശേരി പറമ്പ് വരെയും	ക്ഷേത്രത്തിന്റെ പടിഞ്ഞാറു വശമുള്ള നാട്ടുവഴി, ഉമ്മിണിശ്ശേരി പറമ്പിടം	നാട്ടുവഴിയിൽനിന്നും പടിഞ്ഞാറോട്ട് [illegible]	സമുദ്രം
32	ടി	[illegible]	[illegible]		പാട്ടുകളത്തിൽ തെരുവ്	[illegible] പാട്ടുകളത്തിൽ തെരുവുവരെ	സമുദ്രം
33	ടി	ടി	[illegible]	[illegible] പറമ്പിടം മുതൽ [illegible] പറമ്പിടം വരെ	കൊച്ചുരാമി പാർക്കുന്ന കളത്തര പറമ്പിടം	സക്കർ പുരയിടത്തിനും [illegible] പറമ്പിടത്തിനും തെക്കുപടിഞ്ഞാറ് [illegible] പറമ്പിടംവരെ	പാട്ടുകളത്തിൽ തെരുവ്

ARTICLES OF AGREEMENT made this the ....dey of ....One thousand nine hundred and fifty eight By The............Society a Society registered under the................ Act and having its registered office at.................... (hereinafter called "the Society") in favour of the Governor of Kerala (hereinafter referred to as "the Gevernment")

WHEREAS the Society has offered to conduct a teddy shop for the vend ef toddy as per the netification Ne............deted..........and the Gevernment have accepted the seme and issuep necessary ticense;

NOW THESE PRESENTS WITNESS es follows:—

1. In consideration of the Society agreeing to pay te the Government an ameunt of Rs.......... the Government hereby permits the Seciety to conduct a toddy shop at..........(........Villege .... Taluk etc.) to vend toddy subject to the terms and conditions herein contained and also subject to the terms and conditions contained in the uotificatton No.........dated........ a copy of which is annexed hereto which shall form pert of this agreement.

2. The Society hereby egrees to conduct a toddy shop to vend toddy strictly in accerdance with the said terms and condttions.

3. The period of license shall be .... year from......................te..............

4. In case of default of payment of any instal ment or breech of any of the condttens of thi agreement the depesit amount shell be forfeite to Gevernment.

5. All sums found due to the Government unde or by virtue of this agreement shell be receverable frem the Seciety end its propertie meveble and immovable under the Revenue Recovery Act for the time being in force as i such dues are arrears of lend revenue or in such other menner as the Government may deem fit.

6. The Seciety hereby declares that Sri.......... ....who executes this agreement on behalf of the Society has got full pewer end authority to do se as per................(H. E. authority).

IN WITNESS WHEREOF Sri................ (H. E. name and designetien) for end on behelf of the Society has hereunto set his hands and the seal of the Society has hereto been affixed on the dey and year first ebove written.

Signed, sealed and delivered
by Srt.........................

In the presence of Witnesses (1)

(2)

PRINTED AND PUBLISHED BY THE S. G. P. AT THE GOVERNMENT PRESS, TRIVANDRUM, 1958.